# Deepika

## 23 August 2018

## Kochi: Heavy rain, Flood relief fund



ദേശീയ ക്ഷീരവികസന ബോർഡ്

### രണ്ടു കോടിയുടെ സഹായം നൽകും

**കൊച്ചി:** പ്രളയ ദുരിതാശ്വാസത്തിനായി ദേശീയ ക്ഷീര വികസന ബോർഡും (എൻഡിഡിബി) ക്ഷീര സമിതികളും സഹകരിക്കുന്നു. ഏകദേശം രണ്ടു കോടി രൂപ വില വരുന്ന അവശ്യവസ്തുക്കളാണ് എൻഡിഡിബിയുടെ സഹായമായി കേരളത്തിനു ലഭിക്കുക. തിളപ്പിക്കാതെ നേരിട്ട് ഉപയോഗിക്കത്തക്ക വിധത്തിലുള്ള 180 മില്ലിയുടെ 11 ലക്ഷം സ്റ്ററൈൽ പാൽ പായ്ക്കറ്റുകൾ ദുരിതാശ്വാസ ക്യാമ്പുകളിലും മറ്റുമായി ലഭ്യമാക്കുമെന്ന് എൻഡിഡിബി ചെയർമാൻ ദിലീപ് രഥ് അറിയിച്ചു.

മംഗലാപുരത്തു സ്ഥിതിചെയ്യുന്ന ദക്ഷിണ കന്നഡ ക്ഷീര സംഘമാണു പാൽ പായ്ക്കറ്റുകൾ തയാറാക്കുന്നത്. ക്ഷീരകർഷകർ നേരിടുന്ന കാലിത്തീറ്റയുടെ ക്ഷാമം കണക്കിലെടുത്ത് 500 മെട്രിക് ടൺ കാലിത്തീറ്റയും സഹായമായി നൽകും. ആദ്യ ഗഡുവായ 46 മെട്രിക് ടൺ കാലിത്തീറ്റ ഹാസനിൽ സ്ഥിതിചെയ്യുന്ന കർണാടക മിൽക്ക് ഫെഡറേഷന്റെ ഉത്പാദനകേന്ദ്രത്തിൽനിന്നു വയനാട് ജില്ലയിൽ വിതരണത്തിനായി എത്തിച്ചു.

എൻഡിഡിബിയുടെ കീഴിൽ വരുന്ന ഇന്ത്യൻ ഇമ്യൂണോളജിക്കൽ ലിമിറ്റഡ് വഴി അഞ്ച് ലക്ഷം രൂപ വിലവരുന്ന വെറ്ററിനറി മരുന്നുകളും ലഭ്യമാക്കും. ഒരാഴ്ചക്കുള്ളിൽ സംസ്ഥാനത്തുടനീളം ഈ സേവനങ്ങൾ ലഭ്യമാക്കും. കേരളം നേരിടുന്ന ദുരിതത്തിന്റെ വ്യാപ്തി കണക്കിലെടുത്തു എൻഡിഡിബി ജീവനക്കാർ അവരുടെ ശമ്പളത്തിൽനിന്നും ഒരു തുക സംഭാവനയും നൽകുമെന്നും അധികൃതർ അറിയിച്ചു.